പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 331 — 08.02.2016-ലെ മറുപടിക്ക്

## കാസർഗോഡ് ജില്ലയിൽ ജില്ലാ ജയിലിന് കെട്ടിടം

ചോദ്യം

ശ്രീ.ഇ.ചന്ദ്രശേഖരൻ

മറുപടി

ശ്രീ.രമേശ് ചെന്നിത്തല

(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) കാസർഗോഡ് ജില്ലയിൽ ജില്ലാ ജയിലിന് കെട്ടിടം നിർമ്മിക്കുന്നതിന് പെരിയയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ സ്ഥലം ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏതുവരെയായിയെന്ന് വിശദമാക്കുമോ; | എ) ഉദ്ദേശിച്ചിരുന്നു. എന്നാൽ പ്ലാന്റേഷൻ കോർപ്പറേഷൻ സ്ഥലം ജയിൽ വകുപ്പിന് വിട്ടുതരുവാൻ വിസമ്മതം അറിയിച്ചിട്ടുണ്ട്. |
| ബി) സ്ഥലം വിട്ടു നൽകുന്നതിന് പ്ലാന്റേഷൻ കോർപ്പറേഷന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെങ്കിൽ ഏറ്റെടുക്കുന്ന സ്ഥലത്തിനു പകരം ചീമേനി തുറന്ന ജയിലിൽ നിന്നും ഭൂമി വിട്ടു നൽകുന്നത് പരിഗണിക്കുമോ; | ബി) പ്ലാന്റേഷൻ കോർപ്പറേഷൻ ഹോസ്ദുർഗ്ഗ് താലൂക്കിൽ പെരിയ വില്ലേജിൽ 10 ഏക്കർ സ്ഥലം ജയിലിനു നൽകുകയാണെങ്കിൽ ചീമേനി തുറന്ന ജയിലിലെ പ്ലാന്റേഷൻ ഭൂമിയോട് ചേർന്നു കിടക്കുന്ന 10 ഏക്കർ സ്ഥലം കൈമാറാമെന്ന് അറിയിച്ചിരുന്നെങ്കിലും സ്ഥലം വിട്ടുനൽകാൻ നിർവ്വാഹമില്ലെന്ന് പ്ലാന്റേഷൻ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. |
| സി) സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ തലത്തിൽ ഇടപെടൽ നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി)യും (ഡി)യും (ഇ)യും : ജില്ലാ ജയിലിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനായി ഒരു നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ജില്ലാ ജയിൽ നിർമ്മാണത്തിന് ആവശ്യമായ സ്ഥല സൗകര്യം ഇതുവരേയും ലഭ്യമായിട്ടില്ല. |
| ഡി) ജില്ലാ ജയിലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്തുവാൻ പ്രത്യേക ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; | |
| ഇ) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ? | |

സെക്ഷൻ ഓഫീസർ